നമ്പർ. ഡി4/22115/എസ് റ്റി എ/2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ -
tcoffice@keralamvd.gov.in ]
തീയ്യതി. 27.09.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – വാഹനങ്ങളുടെ രേഖകൾക്ക് കാലാവധി ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നത് - സംബന്ധിച്ച്.

സൂചന :- വിവിധ വാർത്താ മാധ്യമങ്ങളിൽ ഈ വിഷയത്തിൽ പ്രത്യക്ഷപ്പെട്ട വാർത്തകൾ.

ഈ അടുത്തകാലത്ത് മലപ്പുറം ജില്ലയിൽ സംഭവിച്ച ദാരുണമായ രണ്ട് ബസ്സപകടങ്ങളിലും വാഹനങ്ങളുടെ ഇൻഷുറൻസ് കാലാവധി തീർന്നു പോയിരുന്നു എന്നത് വാഹന വകുപ്പിന് പരോക്ഷമായി നാണക്കേട് ഉണ്ടായിരിക്കുകയാണ്. മേൽ അപകടങ്ങളിൽ 23 പേർ മരണപ്പെടുകയും ധാരാളം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു. എന്നാൽ മരിച്ചു പോയവരുടെ ആശ്രിതർക്കോ പരിക്കേറ്റവർക്കോ ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത അവസ്ഥ ഏറെ ദുഃഖകരമാണ്.

ഈ സന്ദർഭത്തിൽ ആദ്യപടിയായി സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ രേഖകൾ പരിശോധിച്ച് അവ കാലാവധിയുള്ളതാണെന്ന് ഉറപ്പ് വരുത്താൻ വകുപ്പിലെ ഉദ്യോഗസ്ഥർ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി രേഖകൾ പരിശോധിച്ച് ഇതിനോടനുബന്ധിച്ച് കൊടുത്തിട്ടുള്ള മാതൃകാ ഫോറം പൂരിപ്പിച്ച് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ ഭാവി നടപടികൾ എടുക്കേണ്ടതുമാണെന്ന് അറിയിച്ചു കൊള്ളുന്നു.

29/9

ട്രാൻസ്പോർട്ട് കമ്മീഷണർ